**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 165** **05-12-2022 - ൽ മറുപടിയ്ക്ക്**

**ഹൃദ്യം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ഹൃദ്യം പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ദേശീയ ആരോഗ്യ ദൗത്യത്തിൻെറ കീഴിൽ പ്രവർത്തിക്കുന്ന RBSK പദ്ധതി പ്രകാരം കുട്ടികളിലെ ജന്മനാലുള്ള ഹൃദ്രോഗം യഥാസമയം കണ്ടെത്താനും കണ്ടെത്തിക്കഴിഞ്ഞ് കൃത്യമായ സമയത്ത് ശസ്ത്രക്രിയ നടത്താനും യഥാസമയം ചികിത്സ ലഭ്യമാക്കുന്നതിനും വേണ്ടി പ്രത്യേകമായി നടപ്പാക്കുന്ന പദ്ധതിയാണ് 'ഹൃദ്യം'. ആർ.ബി.എസ്.കെ പദ്ധതി പ്രകാരം കുട്ടികളിലെ ഹൃദ്രോഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാണ്. ഇതിനോടൊപ്പം മുകളിൽ വിവരിക്കും പ്രകാരം യഥാസമയം കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കാനും ഫോളോഅപ്പ് നടപടികളെ ഏകീകരിക്കാനും വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ദേശീയ ആരോഗ്യ ദൗത്യം, ഐ.റ്റി വിഭാഗവും, സ്റ്റേറ്റ് ആർ.ബി.എസ്.കെ വിഭാഗവും കൂടി 'ഹൃദ്യം' എന്ന പേരിൽ ഒരു വെബ് സൈറ്റ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഹൃദ്രോഗമുള്ള കുട്ടികളെ ഈ വെബ് സൈറ്റ് മുഖാന്തരം രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ സോഫ്റ്റ് വെയറിൻെറ സഹായത്തോടെ നിരീക്ഷിക്കുകയും പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു. രോഗം കണ്ടെത്താൻ സൗകര്യങ്ങൾ നിലവിലുണ്ടെങ്കിലും, കൃത്യസമയത്ത് ശസ്ത്രക്രിയ ചെയ്യുന്നതിനും, കൃത്യമായി ഫോളോ അപ്പ് ചെയ്യുന്നതിനുമുണ്ടായിരുന്ന തടസ്സങ്ങൾ ഹൃദ്യം പദ്ധതി വഴി ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്.<br>അസുഖത്തിൻെറ തോത് അനുസരിച്ച് യഥാസമയം ശസ്ത്രക്രിയ നടത്താനും, ഫോളോഅപ്പ് യഥാവിധി ചെയ്യാനും ഒരു കൃത്യമായ സംവിധാനം ഹൃദ്യം പദ്ധതിയിൽ ഉണ്ട്. |
| (ബി) | ഹൃദ്രോഗ ചികിത്സയ്ക്കും കുട്ടികളുടെ മാനസിക | (ബി) | ഹൃദ്യം പദ്ധതിയിൽ സർജ്ജറി കഴിഞ്ഞ കുട്ടികളുടെ |

| | | | |
|---|---|---|---|
| | വളർച്ചയ്ക്കും ഈ പദ്ധതിയിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ വ്യക്തമാക്കാമോ; | | വളർച്ചയും വികാസവും യഥാസമയം ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം (DEIC) വഴി കൃത്യമായ ഇടവേളകളിൽ പരിശോധിക്കുകയും ആവശ്യമെങ്കിൽ Early Stimulation സാധ്യമാകുന്ന തെറാപ്പി സേവനങ്ങളും നൽകുന്നു. ഹൃദയ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ ന്യൂറോ ഡെവലപ്മെന്റ് അസസ്മെന്റ് ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിലൂടെ (District Early Intervention Centre-DEIC) ഉറപ്പുവരുത്തുന്നു. |
| (സി) | ഈ പദ്ധതിയിൽ ഏതൊക്കെ ആശുപത്രികളാണ് ഉൾപ്പെട്ടിട്ടുള്ളത്; | (സി) | തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ അനുബന്ധ സ്ഥാപനമായ SAT ആശുപത്രി, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട് മെഡിക്കൽ കോളേജിന്റെ അനുബന്ധ സ്ഥാപനമായ മാതൃ ശിശു സംരക്ഷണ കേന്ദ്രം (IMCH) എന്നീ ആശുപത്രികളിൽ ഹൃദ്യം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | സ്വകാര്യമേഖലയിലെ ആശുപത്രികളെ ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | ഉൾപ്പെടുത്തിയിട്ടുണ്ട്. എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളായ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് കൊച്ചി, ആസ്റ്റർ മെഡിസിറ്റി കൊച്ചി, ലിസ്സി ഹോസ്പിറ്റൽ എറണാകുളം, ബിലീവേഴ്സ് ചർച്ച് ആശുപത്രി തിരുവല്ല, മിംസ് ആശുപത്രി, കോഴിക്കോട് എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്വകാര്യ ആശുപത്രികൾ. |
| (ഇ) | ഈ പദ്ധതി പ്രകാരമുള്ള സേവനങ്ങൾ നൽകുന്നതിന്റെ അർഹതാ മാനദണ്ഡങ്ങളും അപേക്ഷാരീതിയും അറിയിക്കാമോ? | (ഇ) | സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന എല്ലാ കുട്ടികളേയും ആർ.ബി.എസ്.കെ മാർഗ്ഗ നിർദ്ദേശം അനുസരിച്ചുള്ള Visible Birth Deffect സ്ക്രീനിംഗിന് വിധേയമാക്കുന്നു. ഇതിൽ ജന്മനാൽ ഹൃദ്രോഗത്തിൻെറ ലക്ഷണങ്ങൾ പ്രകടമാക്കുന്ന കുഞ്ഞുങ്ങളെ ഒരു ശിശുരോഗ വിദഗ്ധൻെറ സഹായത്തോടെ ECHO ഉൾപ്പടെയുള്ള പരിശോധന വഴി എത്രയും നേരത്തെ തന്നെ കൃത്യമായി അസുഖം കണ്ടെത്തുന്നു. ശേഷം സർക്കാർ ആശുപത്രികൾ മുഖാന്തരം hridyam.kerala.gov.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് ചികിത്സാ സേവനം ലഭ്യമാക്കാവുന്നതാണ്.<br><br>സ്വകാര്യ ആശുപത്രിയിൽ ജനിക്കുന്ന ജന്മനാലുള്ള ഹൃദ്രോഗം കണ്ടെത്തുന്ന ഇത്തരം കുട്ടികൾക്കും ഈ പദ്ധതി വഴി സേവനം ലഭ്യമാണ്. 18 വയസ്സിൽ താഴെയുള്ള എല്ലാ കുട്ടികൾക്കും പദ്ധതിയുടെ സേവനം ലഭ്യമാണ്. മറ്റ് അർഹതാ മാനദണ്ഡങ്ങൾ ഒന്നും തന്നെ ഇല്ല. |

സെക്ഷൻ ഓഫീസർ